LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി മണ്ഡലത്തിലെ മരാമത്തു പണികൾ

13 [1376] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം മരാമത്ത് പ്രവൃത്തികളാണ് നബാർഡിന്റെ ധനസഹായത്തിന് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക വീതം നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1. മേലൂർക്കടവ് പാലം

2. കുണ്ടുചിറ പാലം

(ബി) മേലൂർക്കടവ് പാലത്തിന് 267 ലക്ഷവും കുണ്ടുചിറ പാലത്തിന് 110 ലക്ഷവുമാണ് നബാർഡ് ലോൺ പ്രതീക്ഷിക്കുന്നത്.

(സി) 1. മേലൂർക്കടവ് പാലത്തിന്റെ ഡിസൈൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

2. കുണ്ടുചിറ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തിയായിട്ടുണ്ട്.

നബാർഡ് ലോൺ ലഭിച്ചാലുടൻ തന്നെ പണി തുടങ്ങാവുന്നതാണ്.

തലശ്ശേരി മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം

14 [1378] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-11-2003-ൽ തറക്കല്ലിട്ട തലശ്ശേരി മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി ഇതേവരെ ആരംഭിക്കാൻ കഴിയാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ ഏതെല്ലാം തീയതികളിൽ എന്തെല്ലാം നടപടികളാണ് എടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?